| ക്ലാസ് : 4 | യൂണിറ്റ് 6 – മേളിതം | മൊഡ്യൂൾ 12. | മലയാളം |
|---|---|---|---|

| | |
|---|---|
| **ആമുഖം** | മഹാകവി വള്ളത്തോൾ നാരായണമേനോന്റെ വള്ളത്തോൾ കവിതകളിൽ നിന്നെടുത്ത 'മലയാളം' എന്ന കവിത. മലയാള നാടിന്റെ പ്രകൃതി സൗന്ദര്യം കവിതയിലുടനീളം നിറഞ്ഞുനില്ക്കുന്നു. |
| **ആശയം** | മലയാളനാടിന്റെ പ്രകൃതി ഭംഗി ആരേയും ഏറെ ആകർഷിക്കുന്നു. കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയും. വാക്കുകൾകൊണ്ട് വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കും. |
| **പഠനനേട്ടങ്ങൾ** | കേരളത്തിന്റെ പ്രകൃതി സൗന്ദര്യം അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാടിനെക്കുറിച്ചറിയുന്നു. അഭിമാനിക്കുന്നു. ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ഈണത്തിൽ ചൊല്ലുന്നു. പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു. കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ശേഖരിച്ച് ചൊല്ലുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കുന്നു. കവിതയിൽ വർണ്ണിച്ചിരിക്കുന്ന ദൃശ്യത്തെ സ്വന്തം വാക്യത്തിൽ വിവരിക്കുന്നു. |
| **വ്യവഹാര രൂപം** | വർണ്ണന, കവിതാപൂരണം |
| **സാമഗ്രികൾ** | വീഡിയോ ക്ലിപ്പിംഗ്സ് – പ്രകൃതി സൗന്ദര്യം, ചിത്രങ്ങൾ, സമാനകവിതകൾ |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2. കവിതാവായന 3. കണ്ടെത്താം 4. വിശകലന ചോദ്യങ്ങൾ 5. കവിതാലാപനം 6. സമാനപദങ്ങൾ 7. വരികൾ കണ്ടെത്താം. 8. പ്രയോഗ ഭംഗി 9. വർണ്ണിച്ചെഴുതാം. 10. എഡിറ്റിംഗ് 11. കവിതാ പൂരണം 12. കവിതാ ശേഖരണം 13. ചുമർപത്രിക |
| **വായനാസാമഗ്രി** | കേരള ഗാനം – എസ്. കെ. പൊറ്റക്കാട് കേരളമേ – കാവാലം |
| **സർഗ്ഗവേദി** | കേരള ഗാനങ്ങൾ |
| **ദിനാചരണം** | ജനുവരി 26 – റിപ്പബ്ലിക് ദിനം |
| **സി.പി.ടി.എ** | ചുമർപത്രിക – പ്രദർശനം. കേരള ഗാനങ്ങൾ – അവതരണം |

**പ്രവർത്തനങ്ങളുടെ സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം ( 20 മിനിട്ട്)**

യൂണിറ്റിന്റെ പ്രവേശകമായി കൊടുത്ത കവിതാപേജിലെ ചിത്രങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരുന്നു. ചിത്രത്തിൽ എന്തൊക്കെ കാണുന്നുണ്ട്? കുട്ടികൾ പ്രതികരിക്കുന്നു. തെയ്യം, തുള്ളൽ, എഴുത്താണി, തെങ്ങോല....... തുടർന്ന് കുട്ടികൾ ഓരോന്നിനെക്കുറിച്ചും അവർക്കറിയാവുന്ന കാര്യങ്ങൾ പറയുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു. അതിന് ശേഷം ടി. ഉബൈദിന്റെ കവിത വായിക്കുന്നു. വ്യക്തിഗ

തവായനക്ക് ശേഷം ചെറിയ സംഘങ്ങളായി ചൊല്ലുന്നു. തുടർന്ന് ടീച്ചർ ചില ചോദ്യങ്ങളിലൂടെ ആശയഗ്രഹണം ഉറപ്പാക്കുന്നു.

ഏത് നാടിനെക്കുറിച്ചാണ് കവിതയിൽ പറയുന്നത്? (കേരളം) കേരളത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്? കുട്ടികൾ പ്രതികരിക്കുന്നു.-ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു. കവിതയിൽ പറയാത്ത മറ്റെന്തെല്ലാം ദൃശ്യങ്ങളാണ് കേരളത്തിലുള്ളത്? കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ഇതുമായി എന്തു സാമ്യ വ്യത്യാസമാണ് വള്ളത്തോളിന്റെ കവിതയിൽ ഉള്ളത്. എങ്ങനെ കണ്ടെത്താം കവിതാ വായനയിലേക്ക്.

**2- കവിതാ വായന (40 മിനിറ്റ്)**

കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കുന്നു കവിതയിൽ കണ്ടെത്തിയ മനോഹരദൃശ്യങ്ങൾ - പറയുന്നു ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കണ്ടെത്താൻ കഴിയാത്തത്? എല്ലാവരും കണ്ടെത്തേണ്ടേ? എങ്ങനെ കണ്ടെത്താം?

കുട്ടികൾ മൂന്നംഗ ഗ്രൂപ്പിൽ കവിത വീണ്ടും വായിക്കുന്നു. വായിക്കുമ്പോൾ ഇഷ്ടപ്പെട്ടവ, അറിയുന്നവ, അറിയാത്തവ (-, ✓ X ) യഥാക്രമം അടയാളപ്പെടുത്തുന്നു. മൂന്നംഗ ഗ്രൂപ്പിൽ ഓരോന്നായി പങ്കുവെയ്ക്കുന്നു. ആദ്യം ഇഷ്ടപ്പെട്ടവ എല്ലാവരും പറയുന്നു. പിന്നീട് അറിയുന്നവ, അതിന് ശേഷം അറിയാത്തവ. പിന്നാക്കക്കാർക്ക് ആദ്യം അവതരിപ്പിക്കാനുള്ള അവസരം നല്കണം. ഒരാൾ അവതരിപ്പിക്കുമ്പോൾ മറ്റുള്ളവർ കൂട്ടിച്ചേർക്കലുകൾ നടത്തണം.

ഗ്രൂപ്പുകളുടെ കണ്ടെത്തൽ പൊതുവായി അവതരിപ്പിക്കണം. ഓരോ സന്ദർഭത്തിലും ടീച്ചർ ആവശ്യമായ ഇടപെടലുകൾ നടത്തണം. ആശയ വ്യക്തത ഉറപ്പാക്കണം. അറിയാത്ത പദങ്ങൾ പദശേഖരണ പുസ്തകത്തിലേക്ക്

**3. കണ്ടെത്താം (20 മിനിറ്റ് )**

ടീച്ചർ ആശയഗ്രഹണ ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

• മേഘങ്ങളാൽ ഉടുപ്പിട്ടിരിക്കുന്നത് ആരെല്ലാമാണ്? • ആറുകൾ പോകുന്നത് എങ്ങനെയെന്നാണ് കവി പറഞ്ഞിരിക്കുന്നത്? • തോപ്പിലെ ഏതെല്ലാം വൃക്ഷങ്ങളെക്കുറിച്ചാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്? • പൂന്തോട്ടത്തിൽ ഏതെല്ലാം തരം പൂക്കളാണുള്ളത്? • കാടുകളിൽ ഏതെല്ലാം മൃഗങ്ങളുണ്ട്?

ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. മനസ്സിലായ കാര്യങ്ങൾ പങ്കുവെയ്ക്കുന്നു. ആവശ്യമെങ്കിൽ ഇടപെടുന്നു. കുട്ടികൾ വ്യക്തിഗതമായി ഉത്തരം എഴുതുന്നു ഗ്രൂപ്പിൽ ഓരോന്നായി അവതരിപ്പിക്കുന്നു ചർച്ച ചെയ്യുന്നു., കൂട്ടിച്ചേർക്കൽ നടത്തുന്നു. മെച്ചപ്പെടുത്തുന്നു അതിന്ശേഷം പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക് :**

ആശയഗ്രഹണ ചോദ്യങ്ങൾക്ക് എല്ലാവരും ഉത്തരം കണ്ടെത്തിയോ? കണ്ടെത്തിയ ആശങ്ങൾ അവതരിപ്പിക്കാൻ എല്ലാവർക്കും കഴിഞ്ഞോ? എഴുതി അവതരിപ്പിക്കുമ്പോൾ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെ? പ്രക്രിയയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ?

**4. വിശകലന ചോദ്യങ്ങൾ (40 മിനിറ്റ്)**

ടീച്ചർ വിശകലന ചോദ്യങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. നാനാ പ്രകൃതി സൗന്ദര്യ പ്രദർശന മണിക്കളം - എന്നാണ് കവി കേരളത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. കാരണങ്ങൾ വിശദീകരിക്കുക. 2. ഈ കവിതയിൽ കവി വർണ്ണിച്ചിരിക്കുന്ന കേരളം മനോഹരമാണ്. എന്നാൽ ഇന്നത്തെ കേരളത്തിന്റെ അവസ്ഥ ഇതാണോ? താരതമ്യം ചെയ്യുക.

ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ആശയം മനസ്സിലായവർ പങ്കുവെക്കുന്നു. ടീച്ചർ ഇടപെട്ട് കൂടുതൽ ആശയ വ്യക്തത വരുത്തുന്നു. വ്യക്തിഗതമായി ഉത്തരം എഴുതുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചറുടെ ക്രോഡീകരണം അതിന് ശേഷം ടീച്ചർ വേർഷൻ പ്രദർശിപ്പിക്കുന്നു.


**ടീച്ചർ വേർഷൻ**

1. മലയാള നാടിന്റെ പ്രകൃതിഭംഗി ആരേയും ആകർഷിക്കുന്നതാണ്. ആ കാഴ്ച നമ്മുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നു. മേഘങ്ങളാകുന്ന ഉടുപ്പിട്ട മലയും, കുന്നും, മേടുകളും, ആന, മാൻ, പന്നി, പുലി, പോത്ത് തുടങ്ങിയ മൃഗങ്ങൾ വിഹരിക്കുന്ന കാടുകളും നമ്മുടെ നാടിന്റെ മനോഹാരിതയ്ക്ക് മാറ്റ് കൂട്ടുന്നു. ആമ്പലുകൾ നിറഞ്ഞ പൊയ്കകളും തെളിഞ്ഞ് ഓളങ്ങളുള്ള ആറുകളും, നാനാ വർണത്തിലുള്ള പക്ഷികൾ ചേക്കേറുന്ന വൃക്ഷങ്ങളും, വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ തോപ്പുകളും പൂച്ചെടികൾ നിറഞ്ഞ പൂന്തോട്ടവും, പാടവും പറമ്പും എല്ലാം ചേർന്ന് കേരളം പ്രകൃതി സൗന്ദര്യത്തിന്റെ പ്രദർശന മണിക്കളമായി മാറിയിരിക്കുന്നു.

2. മഹാകവി വള്ളത്തോൾ വിശേഷിപ്പിച്ച കേരളനാട് പരിചയപ്പെട്ടല്ലോ. എന്നാൽ ഇന്ന് കേരളത്തിന്റെ അവസ്ഥ ഇതല്ല. കുന്നും, മലകളും കാടും കാണാനേയില്ല. കുന്നുകൾ ഇടിച്ച് നിരത്തിയും കാടുകൾ വെട്ടിത്തെളിച്ചും മനുഷ്യൻ എല്ലാം നശിപ്പിച്ചിരിക്കുന്നു. വന്യമൃഗങ്ങളെ കാണണമെങ്കിൽ മൃഗശാല സന്ദർശിക്കണം. കളകളാരവത്തോടെ ഒഴുകുന്ന ആറുകളില്ല. ആമ്പൽ പൊയ്കകൾ ഇല്ല. വൃക്ഷങ്ങൾ നിറഞ്ഞ തോട്ടങ്ങളും അവയിൽ ചേക്കേറുന്ന പക്ഷികളേയും കാണാനേയില്ല. പാടങ്ങളെല്ലാം മണ്ണിട്ട് നികത്തിയിരുന്നു. ഒഴിഞ്ഞ പറമ്പുകൾ ഇല്ല. എല്ലായിടത്തും കോൺക്രീറ്റ് സൗധങ്ങൾ നിറഞ്ഞിരിക്കുന്നു. പച്ചവിരിച്ച പരവതാനിപോലെ സുന്ദരമായ കേരളം ഇന്ന് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ കൂമ്പരമായി മാറിയിരിക്കുന്നു. കുട്ടികൾ അവരുടെ രചനയുമായി താരതമ്യം ചെയ്യുന്നു.

**5. കവിതാലാപനം**

കുട്ടികൾ വ്യക്തിഗതമായി കവിതക്ക് ഈണം കണ്ടെത്തുന്നു. രണ്ടു മൂന്ന് പേർ അവതരണം മികച്ചത് കണ്ടെത്തുന്നു.  സൂചകം വികസിപ്പിക്കുന്നു. ഗ്രൂപ്പിൽ ഓരോരുത്തരും അവതരണം മികച്ചവ പൊതു അവതരണം. സൂചകം വെച്ച് മികച്ചവ കണ്ടെത്തുന്നു. ടീച്ചർവേർഷൻ - വിലയിരുത്തുന്നു. തുടർന്ന് രണ്ടംഗഗ്രൂപ്പിൽ കവിതാലാപനം




**6. സമാനപദങ്ങൾ (20 മിനിറ്റ്)**

എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. സമാനപദങ്ങൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. മുൻപ് പഠിച്ച വാക്കുകൾ ഓർത്തെടുത്ത് എഴുതുന്നു. അറിയാത്തവ ഗ്രൂപ്പിൽ ചർച്ചചെയ്ത് കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ടീച്ചർ വിലയിരുത്തുന്നു.

**7. വരികൾ കണ്ടെത്താം (30 മിനിറ്റ്)**

ക്ലാസിലെ കുട്ടികളെ രണ്ട് ഗ്രൂപ്പാക്കുന്നു. എ, ബി, എ ഗ്രൂപ്പ് പാ.പു. പേജ് 90 ലെ ഒന്നാമത്തെ ആശയം വായിക്കുന്നു. ബി ഗ്രൂപ്പ് ആശയം ഉൾപ്പെടുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്തി പറയുന്നു. തുടർന്ന് ബിഗ്രൂപ്പ് ആശയം പറയുന്നു. എ ഗ്രൂപ്പ് വരികൾ കണ്ടെത്തുന്നു. കൂടുതൽ ആശയങ്ങൾ ഉൾപ്പെടുത്തി മത്സരം തുടരാം. സ്കോർ നല്കാം. കവിതയുടെ ആശയം കുട്ടികൾക്ക് എത്രത്തോളം ലഭിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു.

**8. പ്രയോഗ ഭംഗി (40 മിനിറ്റ്)**




തയ്യാറാക്കിയ വർക്ക് ഷീറ്റ് 4119 നല്കുന്നു. കുട്ടികൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ വായിച്ചവതരണം. പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നു. പൊതു അവതരണം. - ചർച്ച. ടീച്ചർ ക്രോഡീകരണം.

**9. വർണിച്ചെഴുതാം (40 മിനിറ്റ് )**

മലയാളം എന്ന കവിത പല തവണ വായിക്കുകയും ആശയം ഉൾക്കൊള്ളുകയും ചെയ്തു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ കേരളത്തിന്റെ ഒരു വർണ്ണന തയ്യാറാക്കണം. വ്യക്തിഗതം (10 മിനിറ്റ്) രണ്ടു മൂന്ന് രചനകൾ വായിക്കുന്നു. ഏതാണ് മികച്ചത്?  എന്തുകൊണ്ട്.? കുട്ടികൾ കാരണങ്ങൾ പറയുന്നു. സൂചകം വികസിപ്പിക്കുന്നു. (ആലങ്കാരിക ഭാഷ, ആശയത്തിന്റെ സൂക്ഷ്മത, സ്വന്തം നിരീക്ഷണം, പ്രയോഗ ഭംഗി) ഗ്രൂപ്പിൽ അവതരണം ചർച്ച - പൊതു അവതരണം ചർച്ച -ടീച്ചർ വേർഷൻ അവതരണം - ചർച്ച മെച്ചപ്പെടുത്തൽ

**10. എഡിറ്റിംഗ് (30 മിനിറ്റ് )**

ഒരു ഗ്രൂപ്പ് തയ്യാറാക്കിയ വർണ്ണന പൊതുവായ എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു.

**ആശയം**

ഏതെങ്കിലും ആശയം കൂട്ടിച്ചേർക്കാനുണ്ടോ? ഏതെങ്കിലും ഒഴിവാക്കേണ്ടതോ മെച്ചപ്പെടുത്തേണ്ടതോ ഉണ്ടോ?

**വാക്യഘടന :**

ഏതെങ്കിലും പദങ്ങൾ അനാവശ്യമായി ആവർത്തിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ?

**പദം**

അനുയോജ്യമായ പദം തന്നെയാണോ ഉപയോഗിച്ചത്?

**അക്ഷരം**


അക്ഷരങ്ങൾ, ചിഹ്നങ്ങൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ? അക്ഷരം, പദം, വാക്യം അകലം പാലിച്ച് എഴുതിയിട്ടുണ്ടോ:?

**വ്യവഹാര രൂപം**

ആലങ്കാരികപ്രയോഗങ്ങൾ ഉണ്ടോ? കണ്ടതിന്റേയോ അനുഭവിച്ചതിന്റേയോ ആശ്ചര്യം പ്രകടമാണോ? പ്രയോഗങ്ങൾ, അതിശയോക്തികൾ വന്നുവോ? എഡിറ്റിംഗിന് ശേഷം മറ്റ് കുട്ടികളുടെ രചനകൾ പരസ്പരം കൈമാറി എഡിറ്റ് ചെയ്യുന്നു. നിർദ്ദേശങ്ങൾ നല്കുന്നു. മെച്ചപ്പെടുത്തി എഴുതുന്നു. മെച്ചപ്പെടുത്തിയ രചനകൾ പോർട്ട് ഫോളിയോയിലേക്ക്.

**11. കവിതാ പൂരണം (40 മിനിറ്റ്**

പാ.പു പേജ് 91 ലെ കേരളത്തെക്കുറിച്ചുള്ള ലഘുകവിതകൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഈണം, താളം, ഉള്ളടക്കം എന്നിവ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. വ്യക്തിഗതമായി വരികൾ കൂട്ടിച്ചേർക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തലുകൾ നടത്തുന്നു. ഗ്രൂപ്പുകളുടെ അവതരണം (5 പേർ) മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർവേർഷൻ അവതരണം,




കുട്ടികൾ സ്വന്തം രചനകൾ മെച്ചപ്പെടുത്തി എഴുതുന്നു.

**പ്രതികരണ പേജിലേക്ക്**

ഈണം, താളം, ആശയം (ഉള്ളടക്കം) എന്നിവ പാലിച്ച് എത്ര പേർ എഴുതി? പ്രയാസം നേരിട്ടത് എത്ര പേർക്ക്? പറഞ്ഞ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിയാത്തവർ എത്രപേർ? പരിഹാര പ്രവർത്തനം എന്ത്?

**12. കവിതാശേഖരണം (ഗൃഹപാഠം)**

പാ.പു പേജ് 91, എച്ച്. ബി. പേജ് 153, 154,155 – കേരളത്തെക്കുറിച്ചുള്ള കവിതകൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഗ്രൂപ്പിൽ ഈണം കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചറുടെ അവതരണം കേരള ഗാനങ്ങളുടെ ഓഡിയോ സിഡി കേൾപ്പിക്കൽ കൂടുതൽ കവിതകൾ ശേഖരിച്ച് എന്റെ കവിതാ പുസ്തകത്തിൽ എഴുതുന്നു. സർഗ്ഗവേദിയിൽ കുട്ടികൾ കവിതകൾ അവതരിപ്പിക്കുന്നു.

**13. ചുമർപത്രിക (20 + ഒഴിവുസമയം)**

ഈ പാഠത്തിന്റെ ഭാഗമായി തയ്യാറാക്കിയ വ്യവഹാര രൂപങ്ങൾ (വർണ്ണന, കവിതാപൂരണം,) പ്രകൃതി ചിത്രങ്ങൾ, കേരള ഗാനങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസിൽ ഒരു ചുമർപത്രിക തയ്യാറാക്കുന്നു. സി.പി.ടി.എയിൽ ചുമർപത്രികയുടെ പ്രകാശനം നിർവ്വഹിക്കുന്നു.